(ബി) മാനസികാരോഗ്യകേന്ദ്രങ്ങളിൽപ്പോലും മരുന്നു ലഭിക്കുന്നില്ലെന്നുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; മാനസികാരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മരുന്നു സംഭരണത്തിനായി 434.7 കോടി രൂപയുടെ ഇൻഡന്റ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 242 കോടി രൂപയാണ്. 2008 മുതൽ 2013 വരെ ഏതാണ്ട് 220 കോടി രൂപ കോർപ്പറേഷന് കുടിശ്ശിക ഇനത്തിൽ ലഭ്യമാക്കാനുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം ഇതുവരെ 212 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്തുകഴിഞ്ഞു. വിതരണക്കാരെ ലഭിക്കാത്ത 105 ഇനം മരുന്നുകൾക്കും, എൻ.പി.പി.എ. വിലയെക്കാൾ കൂടിയ തുക ക്വാട്ട് ചെയ്ത 5 ഇനം മരുന്നുകൾക്കും 2014 മാർച്ചിൽ ക്ഷണിച്ച ടെൻഡറിനെക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 15 ഇനം മരുന്നുകൾക്കും ഇതുവരെ ഓർഡറുകൾ നൽകുവാൻ സാധിച്ചിട്ടില്ല.

(സി) അടുത്ത മൂന്ന് മാസക്കാലത്തേയ്ക്കാവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നിലവിലുള്ള സ്റ്റോക്കിന്റെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ കണക്കാക്കി 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ നൽകുകയും ചെയ്തു. ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം നടത്തിക്കഴിഞ്ഞു. മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു. മറ്റുള്ള മരുന്നുകൾ യഥാസമയം വിതരണം നടത്തുന്നതിനായി വിതരണക്കാരെ നിരന്തരം ബന്ധപ്പെട്ടുകൊണ്ടും ഇരിക്കുന്നു. കൂടാതെ ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്തവ ആശുപത്രി തലത്തിൽ തന്നെ നേരിട്ട് വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിലെ താൽക്കാലിക വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത്

93 (800) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താൽക്കാലികവിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 28-10-2014-ലെ ഉത്തരവ് ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പിലെ താൽക്കാലിക വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 19-5-2012-ലെ ഉത്തരവ് ആനുപാതികമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 28-10-2014-ലെ ജി.ഒ.(പി)466/14/ഫിൻ. നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന തസ്തികയിൽപ്പെടുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്.

(ബി) ആരോഗ്യ വകുപ്പിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയവരുടെ വേതനം അവസാനമായി പുതുക്കിയത് 5-2-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 45/2002/ആകുവ നമ്പർ ഉത്തരവ് പ്രകാരമാണ്. 19-5-2012-ലെ ജി.ഒ.(എംഎസ്.)145/2012/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഭാരതീയ ചികിത്സാ വിഭാഗം, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോപ്പതി വകുപ്പുകളിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ദിവസവേതനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. മേൽ ഉത്തരവ് ആരോഗ്യ വകുപ്പിലെ താൽക്കാലിക ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം

94 (801) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും തുടർച്ചയായ മരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഓരോ വർഷത്തെയും വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(സി) അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly